കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റീജിയണൽ റിവ്യൂമീറ്റിംഗുകളും സംസ്ഥാനതല മീറ്റിംഗുകളും നടത്തിവരുന്നു. പി.എം.ജി.എസ്.വൈ.-II നടപ്പാക്കുന്നതിനായി ആവശ്യമുള്ള 14 ജില്ലകളുടെയും ജില്ലാതലത്തിലുള്ള ഗ്രാമീണ റോഡുകളുടെ പ്ലാൻ (DRP) Map in GIS-Platform-ൽ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യംവരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽനിന്നും നേടിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പ്രകാരം എല്ലാ ഘട്ടങ്ങളിലുമായി 1430 റോഡുകളാണ് നിലവിലുള്ളത്.

(സി) പി.എം.ജി.എസ്.വൈ-I, 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ്. പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. എന്നാൽ പി.എം.ജി.എസ്.വൈ. II-ൽ 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്.

(ഡി) പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാം തന്നെ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനം

35 (1403) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടുംബശ്രീക്ക് 2014-15 ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ് ;

(സി) എന്തെല്ലാം പദ്ധതികളാണ് കുടുംബശ്രീ ഈ വർഷം ഏറ്റെടുത്ത് നടപ്പാക്കിയത് എന്നറിയിക്കാമോ ;

(ഡി) കുടുംബശ്രീ മുഖേന നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ഇ) 2014-15 ബജറ്റിൽ വകയിരുത്തിയ തുകയിൽ ചെലവഴിച്ച തുക എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 115.49 കോടി രൂപ വകയിരുത്തിയിരുന്നു.

(സി) കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

I സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾ :

1. മൈക്രോ ഫിനാൻസ്
2. പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾ

(a) സംഘകൃഷി

(b) സൂക്ഷ്മ സംരംഭങ്ങൾ

(c) സമഗ്ര പദ്ധതികൾ

(d) ആട്ടുഗ്രാമം

(e) ക്ഷീരസാഗരം

(f) ഐ.റ്റി. ഉന്നതി

(g) ക്യാന്റീൻ-കഫേ

(h) സാന്ത്വനം-പാരാമെഡിക്കൽ

(i) കുടുംബശ്രീ ട്രാവൽസ്

(j) ന്യൂട്രിമിക്സ്

LIBRARY ARCHIVES Kerala Legislative Assembly

II സാമൂഹിക വികസനം :

1. ആശ്രയ

2. ബഡ്സ് സ്കൂൾ

3. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ

4. ട്രൈബൽ സോഷ്യൽ പ്രോജക്ട്സ്

5. ബാലസഭ

III സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ :

1. സ്ത്രീപദവി സ്വയം പഠനം

2. ക്രൈംമാപ്പിംഗ്

3. സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്

4. ശ്രീശക്തി പോർട്ടൽ

(ഡി) മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.), സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.), നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (എൻ.യു.എൽ.എം.), ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്ലം ഡെവലെപ്മെന്റ് പ്രോജക്ട് (ഐ.എച്ച്.എസ്.ഡി.പി.), ബേസിക് സർവ്വീസസ് ഫോർ അർബൻ പൂവർ (ബി.എ.എസ്.യു.പി.)രാജീവ് ആവാസ് യോജന (ആർ.എ.വൈ.), നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.), ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നത്.

(ഇ) 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 115.49 കോടി രൂപയിൽ 8615 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു.

ഗ്രാമവികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

36 (1404) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനത്തിനായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly